(സി) സംസ്ഥാന സമ്പദ്ഘടനയുടെ വിവിധ മേഖലകളിൽ ദ്രുതഗതിയിലുള്ള വളർച്ച കൈവരിക്കുന്നതിനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാവശ്യമായ മുതൽ മുടക്ക് ആകർഷിക്കുന്നതിനും ഉതകുന്ന നയപരിപാടികളാണ് വികസനരംഗത്ത് സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി വിനോദസഞ്ചാരം, വ്യവസായം തുടങ്ങിയ പ്രധാനപ്പെട്ട മേഖലകളിൽ വികസന രേഖകൾ തയ്യാറാക്കിയിട്ടുണ്ട്. പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി ഒരു "പരമ്പരാഗത വ്യവസായനിധി" രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനായി ആഗോള നിക്ഷേപക സംഗമത്തിൽ അവതരിപ്പിക്കപ്പെട്ട പ്രോജക്ടുകൾക്ക് ധൃതഗതിയിൽ അംഗീകാരം നൽകുന്നതിലേക്കായി ഒരു "ഇൻവെസ്റ്റുമെന്റ് പ്രമോഷൻ ബോർഡ്" രൂപീകരിച്ചു. സ്വകാര്യ പങ്കാളിത്തത്തോടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 'കേരള അടിസ്ഥാന സൗകര്യ ബിൽ' പരിഗണനയിലാണ്. ഇ-സാക്ഷരത പരിപാടിയായ 'അക്ഷയ' നടപ്പിലാക്കിവരുന്നു. കൃഷി മേഖലയുടെ വികസനത്തിനായി ഒരു അഗ്രി എക്സ്പോർട്ട് സോൺ രൂപീകരിച്ചു. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി കുടുംബശ്രീ സംവിധാനം ശക്തിപ്പെടുത്തുകയും 'ആശ്രയ' പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കി തുടങ്ങുകയും ചെയ്തു.

സാമ്പത്തിക അച്ചടക്കത്തിനായി സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടിക്രമങ്ങൾ

2 [2865] ശ്രീ. ഷിബു ബേബി ജോൺ:

" കെ. ബി. ഗണേഷ് കുമാർ:

" ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക അച്ചടക്കത്തിനായി സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) ഇതിൽ ഏതെല്ലാം നടപടിക്രമങ്ങളിൽ ഇളവ് വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ അച്ചടക്കത്തിലൂടെ സർക്കാരിന് ഉണ്ടായിട്ടുള്ള സാമ്പത്തിക നേട്ടം വെളിപ്പെടുത്താമോ?

ഉത്തരം

(എ) പാലിക്കുന്നുണ്ട്.

(ബി) ഇളവുകൾ വരുത്തിയിട്ടില്ല.

(സി) സാമ്പത്തിക നില ഗണ്യമായ തോതിൽ മെച്ചപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly